**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 185** **22-02-2022 - ൽ മറുപടിയ്ക്ക്**

**പാറശാല നിയോജകമണ്ഡലത്തിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | പാറശാല നിയോജകമണ്ഡലത്തിൽ ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് പുതിയ ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ആയതിലേയ്ക്കായി ഏതൊക്കെ ആരോഗ്യകേന്ദ്രങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | 26.07.2021 തീയതിയിലെ സ.ഉ (സാധാ) നം. 1555/2021/ആ.കു.വ ഉത്തരവ് പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിലെ പെരുങ്കടവിള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെയാണ് ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുത്തിരുന്നത്. എന്നാൽ പ്രസ്തുത ആശുപത്രിയിലെ സ്ഥല പരിമിതി മൂലം മേൽ പദ്ധതി വെള്ളറട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേയ്ക്ക് മാറ്റി അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം പൂർത്തിയാക്കി എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | 26.07.2021 തീയതിയിലെ സ.ഉ (സാധാ) നം. 1555/2021/ആ.കു.വ ഉത്തരവ് പ്രകാരം പാറശ്ശാല നിയോജക മണ്ഡലത്തിലെ പെരുങ്കടവിള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെയാണ് ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിനായി തിരഞ്ഞെടുത്തിരുന്നത്. എന്നാൽ പ്രസ്തുത ആശുപത്രിയിലെ സ്ഥല പരിമിതി മൂലം മേൽ പദ്ധതി വെള്ളറട കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേയ്ക്ക് മാറ്റി അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. |
| (സി) | പാറശാല നിയോജകമണ്ഡലത്തിൽ വെൽനസ് സെന്റർ ആയി ഉയർത്തിയിട്ടുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; വെൽനസ് സെന്ററുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | പാറശ്ശാല മണ്ഡലത്തിൽ വെൽനസ് സെന്റർ ആയി ഉയർത്തുന്നതിന് തിരഞ്ഞെടുത്തിട്ടുള്ള ആരോഗ്യ ഉപകേന്ദ്രങ്ങളുടെ പേര് ചുവടെ ചേർക്കുന്നു. 1. പൂഴനാട് ആരോഗ്യകേന്ദ്രത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഒറ്റശേഖരമംഗലം, വാഴിച്ചൽ ആരോഗ്യ ഉപകേന്ദ്രങ്ങൾ. 2. അമ്പൂരി കുടുംബാരോഗ്യകേന്ദ്രത്തിനു കീഴിൽ പ്രവർത്തിക്കുന്ന അമ്പൂരി, കുടപ്പനമൂട്, കണ്ടംതിട്ട, കുറ്റമല്ല, മേരിഗിരി, പുരവിമല, തേക്കുപാറ ആരോഗ്യ ഉപകേന്ദ്രങ്ങൾ 3. ചെമ്പൂർ കുടുംബാരോഗ്യകേന്ദ്രത്തിനു കീഴിൽ പ്രവർത്തിക്കുന്ന ചിലമ്പറ, മൈലച്ചൽ ആരോഗ്യ ഉപകേന്ദ്രങ്ങൾ 4. കള്ളിക്കാട് ന്യൂ കുടുംബാരോഗ്യ കേന്ദ്രത്തിനു കീഴിൽ പ്രവർത്തിക്കുന്ന മൈലക്കര, വാവോട്, പന്ത ആരോഗ്യ ഉപകേന്ദ്രങ്ങൾ 5. |

| | | | |
|---|---|---|---|
| | | | കൊല്ലയിൽ കുടുംബാരോഗ്യ കേന്ദ്രത്തിനു കീഴിൽ പ്രവർത്തിക്കുന്ന പൂവത്തൂർ, കോലായിൽ, മെയിൻ സെന്റർ ആരോഗ്യ ഉപകേന്ദ്രങ്ങൾ 6. കുന്നത്തുകാൽ കുടുംബാരോഗ്യ കേന്ദ്രത്തിനു കീഴിൽ പ്രവർത്തിക്കുന്ന കോരണംകോട്, കോട്ടുക്കോണം ആരോഗ്യ ഉപകേന്ദ്രങ്ങൾ വെൽനസ് സെന്ററുകളിൽ നിന്നും പൊതു ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ :- ഹെൽത്ത് ആൻഡ് വെൽനെസ്സ്സെന്ററായി ഉയർത്തപ്പെടുന്ന ആരോഗ്യ ഉപകേന്ദ്രത്തിൽ ഒരു മിഡ് ലെവൽ സർവീസ് പ്രൊവൈഡറിന്റെ സേവനം ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത ആരോഗ്യ ഉപകേന്ദ്രത്തിലെ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ , മിഡ് ലെവെൽ സർവീസ് പ്രൊവൈഡറും ഒരു ടീം ആയി പ്രവർത്തിച്ചുകൊണ്ട് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെൻറർ മുഖേനയുള്ള വ്യത്യസ്തങ്ങളായ ക്ലിനിക്കുകൾക്കു നേതൃത്വം നൽകും. ജീവിതശൈലി രോഗ നിർണ്ണയവും അവയുടെ പരിണിതഫലങ്ങളുടേയും നിർണ്ണയത്തിനുള്ള ക്ലിനിക്, സ്ത്രീകൾക്കുള്ള പ്രത്യേക ക്ലിനിക്, വയോജനങ്ങൾക്കുള്ള ക്ലിനിക്, കൗമാരപ്രായക്കാർക്കുള്ള ക്ലിനിക്, അഞ്ചു വയസിൽ താഴെയുള്ള കുട്ടികൾക്കുള്ള ക്ലിനിക്ക് തുടങ്ങിയ ക്ലിനിക്കുകളായിരിക്കും രാവിലെ ഒൻപതുമണിമുതൽ ഹെൽത്ത് ആന്റ് വെൽ നെസ്സ്സെന്ററുകളിൽ പ്രവർത്തിക്കുന്നത്. ക്ലിനിക്കുകളിലൂടെ ജീവിതശൈലിരോഗ നിർണയവും അവയുടെ പരിണിത ഫലങ്ങളായ ഡയബെറ്റിക് ന്യൂറോപ്പതി മുതലായവയുടെ നിർണയവും നടത്താനുള്ള സൗകര്യവും ലഭിക്കും. കാൻസർ രോഗ നിർണ്ണയത്തിനുള്ള പ്രത്യേക പരിശോധനകളും മനസികാരോഗ്യപ്രശ്നങ്ങൾ കണ്ടുപിടിക്കാനുള്ള പ്രത്യേകപരിശോധനയും കൗൺസിലിങ് മുതലായസേവനങ്ങളും ലഭിക്കും. ഇ-സഞ്ജീവനി മുതലായ ടെലി കൺസൾറ്റഷൻ സേവനങ്ങളും അതോടൊപ്പം പ്രാഥമികമായിട്ടുള്ള ക്ലിനിക്കൽ സേവനങ്ങളും-(മുറിവുകൾക്കുള്ളഡ്രസിങ്) ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററിയിൽ ലഭ്യമാണ്. പാലിയേറ്റീവ്ഹോം കെയർസേവനങ്ങൾ കൂടുതലായി ആവശ്യ മുള്ളവരെ പാലിയേറ്റീവ് നേഴ്സ് അവിടത്തെ മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവരുടെ നിർദ്ദേശമനുസരിച്ച് ഗൃഹപരിചരണം കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. സ്കൂൾ മുതലായ മറ്റ് സ്ഥാപനങ്ങളിലേക്ക് ആവശ്യാനുസരണം രോഗനിർണയം നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും പ്രസ്തുത ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ വഴി സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ